# തിരുസുന്നത്തും നബിദിനാഘോഷവും

ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ രണ്ടാമത്തേത് നബി(ﷺ)യുടെ സുന്നത്തുകൾ ക്രോഡീകരിച്ച ഹദീസുകളാണല്ലോ. സ്വഹീഹുൽ ബുഖാരി, സ്വഹീഹ് മുസ്‌ലിം, അബൂദാവൂദ്, ഇബ്നുമാജ..... എന്നിങ്ങനെ നിരവധി ഹദീസ്ഗ്രന്ഥങ്ങളിലായി അവ ക്രോഡീകരിക്കപ്പെട്ടുകിടക്കുന്നു. എന്നാൽ അവയിലും നബി(ﷺ)യുടെ ജന്മദിനമാഘോഷിക്കുന്നതിനെ സംബന്ധിച്ച് ഒരു സൂചനപോലും കാണാൻ സാധ്യമല്ല.

ഹദീസുകൾ പരിശോധിച്ചാൽ വളരെ ചെറുതും നിസ്സാരമായതുമായ കാര്യങ്ങളുടെപോലും പുണ്യവും പ്രതിഫലവും വിശദീകരിച്ചതായി നമുക്ക് കാണാം. (ഉദാ: വഴിയിൽ നിന്ന് ചെറിയൊരു ഉപദ്രവം നീക്കിയാൽ ലഭിക്കുന്ന പ്രതിഫലം, മലമൂത്ര വിസർജ്ജന സ്ഥലത്തേക്ക് പ്രവേശിക്കുമ്പോൾ ഏത് കാൽ ആദ്യം എടുത്തുവെക്കണം? അതിനുള്ള പ്രതിഫലമെന്ത്?... തുടങ്ങിയ കാര്യങ്ങൾ) എന്നാൽ നബി(ﷺ) യുടെ ജന്മദിനമാഘോഷിക്കൽ വല്ല പുണ്യവുമുള്ള കാര്യമായിരുന്നെങ്കിൽ (വഴിയിൽനിന്നൊരു മുള്ള് മാറ്റിയിടുന്നതിന്റത്ര പ്രതിഫലമെങ്കിലുമുണ്ടായിരുന്നെങ്കിൽ..) ഒരിക്കലും അത് പറഞ്ഞുതരാതെ നബി(ﷺ) വിട്ടുകളയുമായിരുന്നില്ല. കാരണം അവിടുന്ന് പറഞ്ഞത് “നിങ്ങളെ സ്വർഗ്ഗത്തിലേക്ക് അടുപ്പിക്കുകയും നരകത്തിൽ നിന്ന് അകറ്റുകയും ചെയ്യുന്ന ഏതൊരു സംഗതിയും നിങ്ങൾക്ക് വിവരിച്ചുതരാതെ ഞാൻ ബാക്കിവെച്ചിട്ടില്ല.” എന്നാണല്ലോ. അപ്പോൾ നബിദിനാഘോഷം സ്വർഗ്ഗത്തിലേക്ക് നയിക്കുന്നതോ നരകത്തിൽനിന്നകറ്റുന്നതോആയ വളരെ ചെറിയ ഒരു പുണ്യകർമ്മമെങ്കിലുമായിരുന്നെങ്കിൽ പ്രാധാന്യപുർവ്വം അവിടുന്ന് അത് പഠിപ്പിക്കുമായിരുന്നു! എന്നാൽ അതിനെക്കുറിച്ച് വ്യംഗ്യമായ ഒരു വാക്ക് പോലും അവിടുന്ന് പറഞ്ഞിട്ടില്ല.! അതുകൊണ്ടുതന്നെ അത് മതത്തിൽപെട്ട കാര്യമല്ല എന്ന് ഏതൊരാൾക്കും മനസ്സിലാക്കാം.

ഹദീസ് ഗ്രന്ഥങ്ങളിലും പല പ്രവാചകന്മാരുടെയും ചരിത്രമുണ്ട്. എന്നാൽ ആകൂട്ടത്തിൽ ഒരാളുടെപോലും ജന്മദിനത്തെകുറിച്ച് യാതൊരു സൂചനയുമില്ല എന്നതും ശ്രദ്ധേയമാണ്. മാത്രമല്ല, ഹദീസുകളിൽ ചില മാസങ്ങളുടെ ശ്രേഷ്ഠതകൾ പറയുന്ന നിരവധി ഹദീസുകളുണ്ട്. ചില ഹദീസ്ഗ്രന്ഥങ്ങളിൽ അത്തരത്തിലുള്ള തലക്കെട്ടുകൾ തന്നെ കാണാം. (ഉദാ:- ‘ബാബു ഫള്‌ലി ശഹ്‌രിറമളാൻ’(റമളാൻ മാസത്തിന്റെ

ശ്രേഷ്ഠതകൾ പറയുന്ന അദ്ധ്യായം) ഇങ്ങനെ വേറെയും കാണാം. ഇത്തരം മാസങ്ങളിൽ പ്രത്യേകമായി അനുഷ്ഠിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ചും അവയിൽ പറയുന്നുണ്ട്. എന്നാൽ ഈ ഭൂമിലോകത്തെ ഏതെങ്കിലുമൊരു ഹദീസ് ഗ്രന്ഥത്തിൽ 'ബാബു ഫള്‌ലി ശഹ്‌രി റബീഇൽഅവ്വൽ' (റബീഉൽഅവ്വൽ മാസത്തിന്റെ ശ്രേഷ്ഠതകൾ പറയുന്ന അദ്ധ്യായം) എന്ന ഒരദ്ധ്യായമോ അല്ലെങ്കിൽ ആ ദിവസത്തിലോ മാസത്തിലോ ചെയ്യേണ്ടുന്ന ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചോ ഒരിക്കലും കണ്ടെത്താൻ സാധിക്കുകയില്ല.!

ഇസ്‌ലാമിന്റെ ചില ശത്രുക്കൾ തങ്ങളുടെ ചില കാര്യലാഭങ്ങൾക്കുവേണ്ടി റജബ്, ശഅ്ബാൻ എന്നീ മാസങ്ങളിൽ പ്രത്യേകം ചെയ്യാൻ വേണ്ടി പുതിയ പല ആചാരങ്ങളുമുണ്ടാക്കുകയുണ്ടായി. അവക്ക് മതപരിവേഷം നൽകാൻ വേണ്ടി അവർ സ്വീകരിച്ച ഹീനമായ മാർഗ്ഗം, ആമാസങ്ങളുടെ ഇല്ലാത്ത പോരിശകൾ പറഞ്ഞുകൊണ്ട് നബി(ﷺ)യുടെ പേരിൽ വ്യാജ ഹദീസുകളുണ്ടാക്കുക എന്നതായിരുന്നു. എന്നാൽ ഇത്രവരെ ചെയ്ത ആ ദുഷ്ടന്മാർപോലും റബീഉൽഅവ്വൽമാസത്തിനോ നബിജന്മദിനത്തിനോ വല്ല പോരിശകളും പറഞ്ഞുകൊണ്ടുള്ള ഒരു കള്ളഹദീസ് പോലും നിർമ്മിച്ചില്ല എന്നതും ഏറെ രസാവഹമാണ്.

മാത്രമല്ല, മുസ്‌ലിംകൾക്ക് മതപരമായി ആഘോഷിക്കാൻ രണ്ട് ആഘോഷങ്ങൾ മാത്രമാണ് ഇസ്‌ലാം നിശ്ചയിച്ചിട്ടുള്ളത്. അത് നമുക്കറിയാവുന്നതുപോലെ ഈദുൽ ഫിത്വ്‌റും ഈദുൽ അള്ഹയുമാണ്. അഥവാ ചെറിയ പെരുന്നാളും ബലിപെരുന്നാളും. എന്നാൽ നബിദിനാഘോഷം എന്ന് പറഞ്ഞുകൊണ്ട് മറ്റൊരാഘോഷം ഇസ്‌ലാം പഠിപ്പിച്ചിട്ടില്ല.

കൂടാതെ, എല്ലാകാര്യത്തിലും നമുക്ക് മാതൃക കാണിച്ചുതരേണ്ട നബി(ﷺ) ഇത്തരമൊരു ആഘോഷം നടത്തി നമുക്ക് മാതൃക കാണിച്ചിട്ടുണ്ടോ? ഇല്ല; ഒരിക്കലുമത് കണ്ടെത്താൻ സാധിക്കുകയില്ല. നബി(ﷺ)ക്കുമുമ്പ് ലക്ഷക്കണക്കിന് പ്രവാചകന്മാർ കഴിഞ്ഞുപോയിട്ടുണ്ടല്ലോ. എന്നാൽ അവരിലാരുടെയെങ്കിലും ജന്മദിനം നബി(ﷺ) ആഘോഷിച്ചിട്ടില്ല. അതുപോലെതന്നെ അവിടത്തെ സ്വന്തം ജന്മദിനവും ഒരിക്കൽ പോലും ആഘോഷിച്ചിട്ടില്ല. 63-ാം വയസ്സിലാണല്ലോ അവിടുന്ന്(ﷺ) വഫാത്താകുന്നത്. ആകാലത്തിനിടക്ക് ചുരുങ്ങിയത് 62 റബീഉൽഅവ്വലുകളെങ്കിലും കഴിഞ്ഞുപോയിട്ടുണ്ടാകുമല്ലോ. എന്നാൽ അതിലേതെങ്കിലുമൊരു റബീഉൽഅവ്വലിൽ മറ്റു മാസങ്ങളിലും ദിവസങ്ങളിലുമില്ലാത്ത എന്തെങ്കിലുമൊരാചാരം പ്രത്യേകത കൽപിച്ചുകൊണ്ട് ചെയ്തതായി എവിടേയും കണ്ടെത്താൻ സാധിക്കുകയില്ല. ഇന്നത്തെപ്പോലെ വിപുലമായ രൂപത്തിൽ വേണ്ട, ചെറിയരൂപത്തിൽ പോലുമുണ്ടായിട്ടില്ല. ഒരു കാരക്കകഷ്ണമെങ്കിലും ദാനം ചെയ്തുകൊണ്ടോ, ഒരുവരിയെങ്കിലും മദ്ഹ് പാരായണം ചെയ്തുകൊണ്ടോ, ഒരുമീറ്ററെങ്കിലും റാലി സംഘടിപ്പിച്ചുകൊണ്ടോ ഉണ്ടായിട്ടില്ല...!

ചുരുക്കത്തിൽ, ഇസ്‌ലാമിന്റെ രണ്ടാം പ്രമാണമായ ഹദീസുകളിലും നബി(ﷺ)യുടെ ജന്മദിനത്തെകുറിച്ച് അരവരിപോലുമില്ല എന്ന് വ്യക്തമായി. (എന്നാൽ, ഈ വിഷയത്തിലും ചില ദുർവ്യാഖ്യാനങ്ങൾ ചിലരെല്ലാം നടത്തിയിട്ടുണ്ട്. അവ ശേഷം വിശദമായി ചർച്ചചെയ്യുന്നുണ്ട്.)